# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 26.11.2021 മുതൽ 30.11.2021 വരെ)

## കോഴിക്കോട് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.കെ.ഡി. 95/2021 | തീയ്യതി: 30/11/2021 |
|---|---|

എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 24.8 | 30.6 – 33.4 | 24.6 – 25.5 | 78.3 – 94.8 | 00 - 00 |

ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 27-11-2021 | 28-11-2021 | 29-11-2021 | 30-11-2021 | 01-12-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 5 | 20 | 40 | 40 | 20 |
| കൂടിയ താപനില, °C | 30 | 31 | 32 | 32 | 33 |
| കുറഞ്ഞ താപനില, °C | 25 | 25 | 25 | 25 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 92 | 92 | 92 | 92 | 92 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 76 | 76 | 76 | 76 | 76 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 4 | 10 | 4 | 4 | 4 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 230 | 230 | 230 | 270 | 270 |
| മേഘ വിന്യാസം, ഒക്ടാ | 6 | 8 | 8 | 8 | 7 |

സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | **തീവ്രത കുറഞ്ഞതോ അല്ലെങ്കിൽ സാധാരണ മഴയോ ലഭിക്കും** | | |
| | **ദിവസം 2,3&4 ൽ ഒറ്റപ്പെട്ട കനത്ത മഴകൾ (70 മുതൽ 110 മീ .മീ വരെ) ഉണ്ടായേക്കും.** പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപ നിലിയും അനുഭവപ്പെടും. ഉയർന്ന അന്തരീക്ഷ ആർദ്രതയും അനുഭവപ്പെടും | | |

| | | | |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | കൃഷിയിടങ്ങളിൽ പരമാവധി നീർവാർച്ച ഉറപ്പു വരുത്തുക.<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക<br>വാഴ പച്ചക്കറികൾ എന്നിവ താങ്ങുകൾ നല്കി സംരക്ഷിക്കുക.<br>കുഷിയിടങ്ങളിൽ ജോലി ചെയ്യുന്നവർ ഇടിമിന്നലിനെ ശ്രദ്ധിക്കുക. മരത്തണലിലോ ബലക്ഷയം വന്ന കെട്ടിടങ്ങളിലോ വിശ്രമിക്കരുത്. | | |
| **വർധിത ആർദ്രതയും പകൽ താപ നിലയും ചേർന്ന് പൂപ്പൽ രോഗങ്ങങ്ങൾ അധികരിക്കാൻ ഇടവരുത്തും. ജാഗ്രത പുലർത്തുക.** | | | |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പ്ചീയൽ<br> | കൂമ്പുചീയൽ ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് ടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക. സമീപത്തുള്ള തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും ഒരു ശതമാനം രൃമുള്ള ബോഡോ മിശ്രിതം തളിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | മഹാളി<br> | മൂപ്പെത്തിയ തേങ്ങകൾ മുഴുവൻ പറിച്ചെടുത്ത്, മാറ്റിയ ശേഷം, ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക |
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം<br> | മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br>ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |

| | | | |
|---|---|---|---|
| മുളക് | വളർച്ചാ ഘട്ടം | ഇലപ്പുള്ളി രോഗം  | മാങ്കോസബ് അല്ലെങ്കിൽ സാഫ് ഒരുലിറ്റർ വെള്ളത്തിൽ രണ്ടു ഗ്രാം വീതം എന്നതോതിൽ കലർത്തി തയ്യാറാക്കി തളിക്കുക |
| ഇളവൻ/ വെള്ളരി വർഗ്ഗ പച്ചക്കറികൾ | കായ പിടിക്കുന്ന ഘട്ടം | കായ ചീച്ചൽ  | ഒരുലിറ്റർ വെള്ളത്തിൽ ഒരു മില്ലിലിറ്റർ ട്യൂബകൊണസോൾ എന്നതോതിൽ കലർത്തി തയ്യാറാക്കിയ കുമിൾ നാശിനി തളിക്കുക |
| ജാതി | കായ പിടിക്കുന്ന ഘട്ടം | കായ/ഇലപ്പുള്ളി രോഗം  | 0.2% ( ഒരുലിറ്റർ വെള്ളത്തിൽ രണ്ടു ഗ്രാം വീതം) വീര്യമുള്ള കോപ്പർ ഓക്സി ക്ലോറൈഡ് ലായനി തളിക്കുക |
| കവുങ്ങ് | വിവിധ ഘട്ടം | കട ചീയൽ  | ഒരുലിറ്റർ വെള്ളത്തിൽ രണ്ടു മില്ലിലിറ്റർ ഹെക്സകൊണസോൾ എന്നതോതിൽ കലർത്തി തയ്യാറാക്കിയ കുമിൾ നാശിനി കവുങ്ങിൻ തടത്തിൽ കുതിർക്കുക . |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി